**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1560** **28-07-2021 - ൽ മറുപടിയ്ക്ക്**

**ലക്കിടി പേരൂർ പി.എച്ച്.സി.യിൽ കിടത്തി ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അനേകം ആളുകൾ ആശ്രയിക്കുന്ന പാലക്കാട്-പൊന്നാനി റോഡിലുള്ള ലക്കിടി പേരൂർ പി.എച്ച്.സി.യിൽ കിടത്തി ചികിത്സ ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | (എ) | പാലക്കാട് പൊന്നാനി റോഡിലുള്ള ലക്കിടി പേരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി GO(MS)No.113/2018 H&FWD തീയതി 16.06.2018 പ്രകാരം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുക്കുകയും, സ.ഉ(കൈ)നം.171/2019/ ആ.കു.വ. തീയതി, 14.11.2019 പ്രകാരം അസി.സർജൻ-1 , സ്റ്റാഫ് നഴ്സ്-1 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് സ്ഥാപനം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരുകയും ആണ്. ആർദ്രം മിഷൻ മാനദണ്ഡമനുസരിച്ച് നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 'ഒബ്സർവേഷൻ ബെഡ്" സംവിധാനം നൽകി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ